# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 568 — 09/07/2012 ൽ മറുപടിക്ക്

## സ്കൂൾ അദ്ധ്യയന ദിവസങ്ങൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. റ്റി. വി. രാജേഷ് :<br>,, കെ. കുഞ്ഞമ്മത് മാസ്റ്റർ :<br>,, ആർ. രാജേഷ് :<br>,, കെ. കുഞ്ഞിരാമൻ (ഉദുമ): | | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) സ്കൂളുകളിലെ അദ്ധ്യയന ദിവസങ്ങൾ സംബന്ധിച്ച്, ക്വാളിറ്റി ഇംപ്രൂവ്മെന്റ് സമിതി മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ വിശദമാക്കുമോ; | എ) | ജൂൺ 16, ജൂലൈ 21, ആഗസ്റ്റ് 18, സെപ്റ്റംബർ 22, ഒക്ടോബർ 6, നവംബർ 12 എന്നീ ശനിയാഴ്ചകളിൽ കൂടി പ്രവൃത്തി ദിവസമാക്കാൻ ക്യൂ.ഐ.പി. മോണിറ്ററിംഗ് കമ്മിറ്റി ശുപാർശ ചെയ്തു. നിലവിൽ 194 സാധ്യായ ദിവസങ്ങളാണ് ഉള്ളത്. ഇത് 200 തികയ്ക്കാൻ 6 ശനിയാഴ്ചകൾ കൂടി പ്രവൃത്തി ദിവസമാക്കാൻ ശുപാർശ ചെയ്തു. |
| ബി) ഇവ സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; സാധ്യായ ദിവസങ്ങളുടെ എണ്ണം സംബന്ധിച്ച കേന്ദ്ര നിയമത്തിലെ വ്യവസ്ഥകൾ എന്താണ്; | ബി) | സാധ്യായ ദിവസങ്ങളുടെ എണ്ണം സംബന്ധിച്ച് 1 മുതൽ 5-ാം ക്ലാസ്സ് വരെ 200 ദിവസങ്ങളും 6 മുതൽ 8-ാം ക്ലാസ്സ് വരെ 220 ദിവസങ്ങളുമാണ് വ്യവസ്ഥയുള്ളത് |
| സി) അദ്ധ്യാപക സംഘടനകളുമായി നിർദ്ദേശങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്യുകയുണ്ടായോ; സാധ്യായ ദിവസങ്ങൾ സംബന്ധിച്ച അന്തിമമായ തീരുമാനം വിശദമാക്കുമോ? | സി) | അദ്ധ്യാപക സംഘടനകളുമായി ചർച്ച ചെയ്തിട്ടുണ്ട്. ക്യൂ.ഐ.പി. മോണിറ്ററിംഗ് കമ്മിറ്റി എന്ന സമിതിയിൽ 9 അദ്ധ്യാപക സംഘടനയുടെ പ്രതിനിധികളാണ് ഉള്ളത്. ഈ സമിതിയിൽ ചർച്ച ചെയ്താണ് തീരുമാനം കൈക്കൊണ്ടത്. നിശ്ചയിച്ച ശനിയാഴ്ച സ്കൂൾ പ്രാവർത്തികമാക്കുന്നതിന് എല്ലാ ജില്ലകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ